മുള്ള റേഡിയോ, ടെലിവിഷൻ എന്നിവയിലെ ഒരു വിഭാഗം ജീവനക്കാർ ഏഷ്യാഡ് ആരംഭിക്കുന്നതിന്റെ തൊട്ടു മുമ്പുള്ള മൂന്നു ദിവസങ്ങളിൽ ബോണസ് ആവശ്യപ്പെട്ട് പണിമുടക്കുകയുണ്ടായി. 'ലജ്ജാവഹം' എന്നു മാത്രമേ ഈ 'ഉദ്ബുദ്ധ' വിഭാഗത്തിന്റെ തൻകാര്യവ്യഗ്രതയെപ്പററി പറയാനുള്ളൂ.

രാഷ്ട്രീയവും മതപരവുമായ പല ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട്, സിഖുകാരിൽ ഒരു വിഭാഗമായ അകാലികൾ നടത്തിവരുന്ന ഉഗ്രസമരം ഇതെഴുതുമ്പോഴും, അവസാനിച്ചിട്ടില്ല. ഏഷ്യാഡിൽ പ്രകടനങ്ങൾ നടത്തുവാൻ അകാലികൾ എടുത്ത തീരുമാനം പിൻവലിച്ചതായി ഇനിയും പ്രഖ്യാപിച്ചിട്ടുമില്ല. ആയുധധാരികളായ ജനങ്ങളുടെ വലിയ ഒരു സംഘം വിചാരിച്ചാൽ ഏഷ്യാഡിലെ പല ഇനങ്ങളും അലങ്കോലപ്പെടുത്താൻ കഴിഞ്ഞേക്കും. സമരോത്സുകരായ അകാലികൾ ഏഷ്യാഡിന്റെ അടുത്തെങ്ങും എത്തിച്ചേരാതെ നോക്കുന്നതിന് പഞ്ചാബ്–ഹരിയാണാ സംസ്ഥാനങ്ങളിലെയും ദില്ലിയിലെയും ഗവണ്മെന്റുകൾ ഊർജിതനടപടികൾ കൈക്കൊണ്ടിട്ടുള്ളതായി പറയുന്നുണ്ട്. ഏഷ്യാഡിലെ കാഴ്ചക്കാരെ തെർമോ ഫ്ളാസ്കുകളോ ലഞ്ച് പാക്കററുകളോപോലും കൈയിൽ വെക്കാൻ അനുവദിക്കുന്നില്ല. തെർമോ ഫ്ളാസ്ക് ഗ്രനേഡോ, ലഞ്ച് പാക്കററ് ബോംബോ ആയിക്കൂടെന്നില്ലല്ലോ. ഇന്ത്യയിൽ സ്പോർട്സിന് ഏററവും വലിയ സംഭാവന നല്കിയിട്ടുള്ളതും, ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നതും, സിഖുകാരാണ്. അവരിൽ ഒരു വിഭാഗം, തങ്ങളുടെ രാഷ്ട്രീയ അസംതൃപ്തി ലോകസമക്ഷം പ്രകടിപ്പിക്കാൻ ഏഷ്യാഡിന്റെ അവസരം ഉപയോഗപ്പെടുത്താമെന്നു തീരുമാനിച്ചതു് തികച്ചും നിർഭാഗ്യകരമായിപ്പോയി. അവർക്ക് വിവേകമുദിച്ചിട്ടായാലും, സർക്കാരുകൾ കൈക്കൊണ്ട പ്രതിരോധ നടപടികളുടെ കാര്യക്ഷമതകൊണ്ടായാലും, അനാശാസ്യ സംഭവങ്ങളോ ദുരന്തങ്ങൾതന്നെയോ ഉണ്ടാകാതെ, ഏഷ്യാഡ് മംഗളകരമായും വിജയപ്രദമായും നടക്കട്ടെ എന്ന് ആശംസിക്കുകയേ ഈ സന്ദർഭത്തിൽ ചെയ്യേണ്ടതായുള്ളു. ഗാന്ധിജി പ്രാർത്ഥിക്കാറുള്ളതുപോലെ, 'സബ്കോ സൻമതി ദേ ഭഗവൻ!' എന്ന് നമുക്കും പ്രാർത്ഥിക്കുക.

19 നവംബർ, 1982

# 29. ഇന്ത്യയിലെ വിദേശക്കമ്പനികൾ

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം വ്യവസായങ്ങളുടെ കാര്യത്തിൽ ഇന്ത്യ വളരെയധികം പുരോഗമിച്ചിട്ടുണ്ടെന്ന ധാരണ നമുക്കെല്ലാം ഉണ്ട്. വ്യാവസായിക പുരോഗതിക്ക് വിദേശീയ വ്യവസായസ്ഥാപനങ്ങളോട് ഇന്ത്യ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നതു സംബന്ധിച്ച വിശദമായ ബോധം മിക്കവർക്കുമില്ല. ഈ വിഷയത്തിൽ ശരിയായ പഠനങ്ങളും ഏറെയൊന്നും ഉണ്ടായിട്ടില്ല.

ഇന്ത്യൻ വ്യവസായം, പ്രത്യേകിച്ചും ഉപഭോഗവസ്തുക്കളുടെ നിർമാണം, ഒട്ടു പൂർണമായിത്തന്നെ വിദേശീയ കമ്പനികളുടെ നിയന്ത്രണത്തിലാണെന്നതാണു വാസ്തവം.

ഇന്ത്യൻ ഉപഭോഗവസ്തുവ്യവസായത്തെ നിയന്ത്രിക്കുന്ന ഈ വിദേശീയ കമ്പനികൾ രണ്ടു തരത്തിൽപ്പെടുന്നു. ഇവയിൽ ചിലതിന്റെ ഇക്വിററി ഷെയറുകളിൽ ഭൂരിഭാഗവും കൈയിൽ വെക്കുന്നതു് ഏതെങ്കിലും വിദേശരാജ്യത്തുള്ള ഒരൊററ സ്ഥാപനമാണ്. ഇത്തരം കമ്പനികളെ 'സബ്

സൈഡിയറി കമ്പനികൾ' എന്നു വിളിക്കുന്നു. മററു ചിലതിന്റെ ഇക്വിററി ഷെയറുകളിൽ ഇരുപത്തഞ്ചു ശതമാനമോ അതിൽ കൂടുതലോ ഏതെങ്കിലും വിദേശരാജ്യത്തുള്ള ഒരു സ്ഥാപനമോ അവരുടെ നോമിനിയോ കൈവശം വെക്കുന്നു. ഇവയെ 'വിദേശനിയന്ത്രിത-ഉറുപ്പികക്കമ്പനികൾ' എന്നു വിളിക്കുന്നു. 1978—'79—ൽ ഇന്ത്യയിൽ 125 സബ്സൈഡിയറി കമ്പനികളും 400-ൽ ഏറെ വിദേശ നിയന്ത്രിത-ഉറുപ്പികക്കമ്പനികളും ഉണ്ടായിരുന്നു. ഈ രണ്ടുതരം കമ്പനികളെയും നമുക്ക് 'ബഹുരാഷ്ട്രക്കമ്പനികൾ' എന്നു വിളിക്കാം. ഇവയുടെ ഭരണം പൂർണമായും വിദേശീയർ നിർവഹിക്കുന്നു; ലാഭത്തിന്റെ വളരെ വലിയ ഒരംശം വിദേശങ്ങളിലേക്ക് ഒഴുക്കുകയും ചെയ്യുന്നു. തങ്ങൾ പ്രവർത്തിക്കുന്ന പ്രത്യേക വ്യവസായ മേഖലകളിൽ നിർണായകമായ സ്വാധീനം ഇവയ്ക്കുണ്ടെന്നതാണ് പ്രധാന വസ്തുത. പണക്കാർക്കു മാത്രമല്ല, ഇടത്തരക്കാർക്കും, ഒരളവുവരെ പാവങ്ങൾക്കു പോലും ഈ കമ്പനികളെ ആശ്രയിക്കാതെ ഇന്ത്യയിൽ ജീവിക്കാൻ വയ്യെന്നായിരിക്കുന്നു. നോക്കുക:

രാവിലെ എഴുന്നേററാലുടൻ ഒരു സാധാരണ ഇന്ത്യൻ പൗരൻ കോൾഗേററ് കമ്പനിക്കാരുടെ ടൂത്ത്ബ്രഷ് എടുത്ത്, അതിൽ കോൾഗേററ് കമ്പനിക്കാരുടെ ടൂത്ത് പെയ്സ്റ്റ് പുരട്ടി പല്ലു തേയ്ക്കുന്നു. (ഈ ബ്രഷും പെയ്സ്റ്റും കോൾഗേററ്—പാമൊലീവ് കമ്പനിക്കാരുടെയാണ്; ഇതൊരു അമേരിക്കൻ കമ്പനിയുടെ സബ്സൈഡിയറിയാകുന്നു). പല്ലുതേപ്പിനു മുമ്പോ പിമ്പോ അയാൾ യൂനിലിവർ എന്ന വിദേശക്കമ്പനി നിയന്ത്രിക്കുന്ന ലിപ്ടൺ കമ്പനിക്കാരുടെയോ ബ്രൂക്ക്ബോണ്ട് എന്ന ബ്രിട്ടീഷ് കമ്പനിയുടെ സബ്സൈഡിയറിയുടെയോ കാപ്പിയോ ചായയോ കുടിക്കുന്നു. കാപ്പിയോ ചായയോ തയ്യാറാക്കാൻ അയാൾ തീപിടിപ്പിച്ചതു് 'വിംകോ' എന്ന സ്വീഡിഷ് കമ്പനി നിർമിച്ച തീപ്പെട്ടി ഉപയോഗിച്ചാവാനാണു വഴി. മുഖക്ഷൗരത്തിന് അയാൾ പാമൊലീവിന്റെ ഷേവിങ് ക്രീം ഉപയോഗിക്കുന്നു. യൂനിലിവറിന്റെ കീഴിലുള്ള ഹിന്ദുസ്ഥാൻ ലിവർ കമ്പനി നിർമിച്ച ഇറാസ്മിക് ബ്ലെയ്ഡാവാം അയാൾ റേസറിൽ ഫിററ് ചെയ്യുതു്. ഏതായാലും മുഖക്ഷൗരം മിക്കവാറും വിദേശാശ്രിതംതന്നെ. കുളിക്കാൻ അയാൾ ഹിന്ദുസ്ഥാൻ ലിവറിന്റെ ലക്സ് സോപ്പോ റെക്സോണ സോപ്പോ ഉപയോഗിച്ചിരിക്കാം. കുളി കഴിഞ്ഞു തല ചീകാൻ അയാൾക്കു് 'പോണ്ട്സ്' കമ്പനിയുടെ വാസ്ലൈൻ വേണം. ഒരു ബ്രിട്ടീഷ് സബ്സൈഡിയറി ആയ ബ്രിട്ടാനിയ ബിസ്കററ് കമ്പനി നിർമിച്ച റൊട്ടി ഉപയോഗിച്ച് അയാൾ പ്രാതൽ കഴിക്കുന്നു. പ്രാതലിനു് സ്വിററ്സർലൻഡിലെ നെസ്റ്റ്ലെ കമ്പനിയുടെ 'നെസ്കാഫേ' ഇല്ലാതെ അയാൾക്കു തൃപ്തിയാവില്ല. അയാൾ ധരിക്കുന്ന ടെറിലീൻ സൂട്ട് ഇമ്പീരിയൽ 'കെമിക്കൽസ് ആൻഡ്' കമ്പനിക്കാരുടെ സബ്സൈഡിയറി ആയ ഫൈബേർസ് ഓഫ് ഇന്ത്യ' നിർമിച്ച ടെറീൻ കൊണ്ടോ മററു കൃത്രിമ പട്ടുകൾകൊണ്ടോ ഉണ്ടാക്കിയതാവാനാണു സാധ്യത. ലേലൻഡ് കമ്പനിയോ ടാററാ മെർസിഡീസ് ബെൻസ് കമ്പനിയോ നിർമിച്ച ബസ്സിൽ അയാൾ കയറുന്നു. അതിലെ ടയർ ഡൺലപ്പുകാരോ ഫയർസ്റ്റോൺകാരോ ഉണ്ടാക്കിയതാണ്. അയാളുടെ പേന വിദേശത്തുണ്ടാക്കിയതാണ്. അതിൽ പാർക്കർ കമ്പനി നിർമിച്ച ക്വിങ്കോ ചെൽപാർക്കോ മഷി നിറയ്ക്കുന്നു. ഐ.ബി.എം., ഐ.സി. എൽ. മുതലായ കമ്പനികൾ നിർമിച്ച യന്ത്രങ്ങളുപയോഗിച്ച് അയാൾ കണക്കു കൂട്ടുന്നു; റെമിങ്ടൺ നിർമിച്ച ടൈപ്പ്റൈററിൽ കത്തുകൾ തയ്യാറാക്കുന്നു. ഉച്ചയ്ക്കു് കാഡ്ബറി കമ്പനി തയ്യാറാക്കിയ ബൂൺവിററ അയാളുടെ ദാഹം തീർക്കുന്നു. വൈകുന്നേരം വീട്ടിൽ പോകുംമുമ്പ് അയാൾ തന്റെ ഓമനമകനുവേണ്ടി കാഡ്ബറിയോ അമൂലോ നിർമിച്ച ചോക്കലേററ്

വാങ്ങുന്നു. അമൂൽ ഇന്ത്യൻ കമ്പനിയാണെങ്കിലും ഒരു വിദേശക്കമ്പനി നൽകിയ ലൈസൻസ് ഉപയോഗിച്ചാണ് അവർ ചോക്കലേററ് ഉണ്ടാക്കുന്നത്.

ഇന്ത്യൻ പൗരൻ വലിക്കുന്ന സിഗററ് ബ്രിട്ടീഷ് അമേരിക്കൻ ടുബാക്കോ കമ്പനിയുടെ ഒരു സബ്സൈഡിയറി ആയ ഇൻഡ്യൻ ടുബാക്കോ കമ്പനി നിർമിച്ചതാണ്. ഇനി 'ചാർമിനാർ' വലിക്കാമെന്നു വെച്ചാൽ, അതു നിർമിക്കുന്നതും ഇന്ത്യൻ ടുബാക്കോ കമ്പനിയുമായി ബന്ധപ്പെട്ടവർതന്നെ. വല്ലപ്പോഴും ചായ കുടിക്കാൻ അയാൾ കയറുന്ന ചോള, മൗര്യ മുതലായ ഹോട്ടലുകളുടെ നിയന്ത്രണവും ഇന്ത്യൻ ടുബാക്കോ കമ്പനിയുടെ കൈയിലാണ്. ഓബറോയ്-ഷെറാട്ടൻ കമ്പനി ഇന്ത്യയിലെ പല വലിയ ഹോട്ടലുകളും നിയന്ത്രിക്കുന്നു. സമ്പന്ന വിഭാഗങ്ങളിൽപ്പെട്ട ഇന്ത്യൻ പൗരന്മാർ ഈ വിദേശീയ ഹോട്ടലുകളുടെ ആതിഥ്യസൗഖ്യം കൂടെക്കൂടെ അനുഭവിക്കുന്നു.

പൗരന്റെ പത്നി ഭക്ഷണം തയ്യാറാക്കുന്നതിനുപയോഗിക്കുന്ന ഡാൽഡ ഹിന്ദുസ്ഥാൻ ലിവർ (യൂനിലിവറിന്റെ സബ്സൈഡിയറി) നിർമിക്കുന്നതാണ്. അടുക്കളയിലെ സ്പൂണും ഫോർക്കും കത്തിയും വിദേശനിർമിതമാവാനാണു സാദ്ധ്യത. രാത്രിയിൽ പൗരൻ കിടക്കുന്ന ഡൺലോപില്ലോ മെത്ത ഡൺലപ് കമ്പനിക്കാർ നിർമിച്ചതാണ്. കിടക്കും മുമ്പ് അയാൾ കഴിക്കുന്ന ഗുളികകളും മററു മരുന്നുകളും ഏതെങ്കിലും വിദേശക്കമ്പനി ഉണ്ടാക്കിയതായിരിക്കും.

ഇനി, പൗരന്റെ പത്നിയുടെ ചമയങ്ങളോ? പോൺഡ്സ്, മാക്സ് ഫാക്ററർ മുതലായ വിദേശ കമ്പനികൾ നിർമിച്ചതല്ലാതെ അവയിൽ വല്ലതുമുണ്ടോ? അടുക്കളയിൽ ശ്രീമതി ഉപയോഗിക്കുന്ന ഹാകിൻസ്, കില്ലിക്സ് മുതലായ പ്രഷർ കുക്കറുകളും വിദേശ ലൈസൻസിൻ കീഴിൽ നിർമിച്ചവ തന്നെ. അവൾ ഉടുപ്പു തയ്ക്കുന്ന മെറിററ് തയ്യൽമെഷീൻ വില്ക്കുന്നതു് 'സിംഗർ' എന്ന വിദേശക്കമ്പനിയാണ്. റേഡിയോ, ടെലിവിഷൻ, ടേപ്പ്റിക്കാർഡർ, വിഡിയോ മുതലായ അവരുടെ വിനോദോപാധികളും ഫിലിപ്സ്, മർഫി, ജി.ഇ.സി. മുതലായ വിദേശക്കമ്പനികളുടെ സൃഷ്ടികളത്രേ. അവർക്കു തുണി അലക്കാനുള്ള സർഫ്, ലിൻ മുതലായവ ഉണ്ടാക്കിയതു് ഹിന്ദുസ്ഥാൻ ലിവർ ആണ്. ഇന്ത്യൻ പൗരന്മാരിൽ അധികംപേരും ധരിക്കുന്നതു് ചെക്കോസ്ലോവാക്യയിലെ ബാററാ കമ്പനി നിർമിച്ച ചെരുപ്പുകളാകുന്നു. തലവേദനയ്ക്കു് നിങ്ങൾ ഒരു സാരിഡോൺ കഴിക്കുന്നുവോ? അതു് റോച്ചസ് കമ്പനിയുടെ ദാനമാണ്.

അങ്ങനെ നോക്കുമ്പോൾ, വിദേശീയ കമ്പനികളുടെ ഉല്പന്നങ്ങളെ ആശ്രയിക്കാതെ ഇന്നു് ഇന്ത്യയിൽ ആരെങ്കിലും ജീവിക്കുന്നുണ്ടോ എന്നു സംശയം തോന്നാം. മഹാത്മാഗാന്ധി ഇന്നുണ്ടായിരുന്നെങ്കിൽ, 'ഏകാദശസേവ'കളിൽ ഒന്നായി താൻ നിർധാരണം ചെയ്ത സ്വദേശിവ്രതത്തെപ്പററി അദ്ദേഹം എന്തു കരുതുമായിരുന്നുവോ ആവോ!

ടൂത്ത്പെയ്സ്റ്റ്മുതൽ മരുന്നുകൾവരെയുള്ള നിത്യോപയോഗ സാധനങ്ങളുടെ നിർമാണം ഇന്ത്യയിൽ ഇങ്ങനെ വിദേശീയ കമ്പനികൾക്കു് ഏല്പിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നുവോ?

വിദേശക്കമ്പനികളെ ക്ഷണിച്ചുവരുത്തിയതിനു് (ഇപ്പോഴും ക്ഷണിച്ചുകൊണ്ടിരിക്കുന്നതിനും) മൂന്നു് ഉദ്ദേശങ്ങളുണ്ടു പറയപ്പെട്ടിരുന്നതു്. 1. അവ വിദേശീയ മൂലധനം ലഭ്യമാക്കുന്നു. 2. അവ ഏററവും പുരോഗമിച്ച സാങ്കേതികജ്ഞാനം നമുക്കു തരുന്നു. 3. കയററുമതിയെ പ്രോത്സാഹിപ്പിക്കുന്നതുവഴി വ്യാപാരശിഷ്ടം ഇന്ത്യയ്ക്കു് അനുകൂലമാക്കാൻ അവ സഹായിക്കുന്നു.

ഈ മൂന്നു ലക്ഷ്യങ്ങളും വളരെയൊന്നും നിറവേററപ്പെട്ടിട്ടില്ല എന്നതാണു് അനുഭവം.

ബഹുരാഷ്ട്രക്കമ്പനികഠം ഇന്ത്യയിൽ ഇറക്കിയ മൂലധനം എത്രയാണെന്നു സംബന്ധിച്ച കണക്കുകളൊന്നും കണ്ടിട്ടില്ല. എങ്കിലും, വ്യവസായവല്ക്കരണത്തിനു് പൊതുമേഖലയിൽ ഇന്ത്യൻ സർക്കാർ നിക്ഷേപിച്ച വമ്പിച്ച മൂലധനവുമായി താരതമ്യപ്പെടുത്തുമ്പോഠം ഈ വിദേശീയ കമ്പനികഠം നിക്ഷേപിച്ച മൂലധനം നിസ്സാരമായിരിക്കാനാണു സാദ്ധ്യത. അല്പനിക്ഷേപംകൊണ്ടു് അമിതലാഭം നേടാനുതകുന്ന വ്യവസായങ്ങളിലാണു് ബഹുരാഷ്ട്രക്കമ്പനികഠം മൂലധനമിറക്കിയിട്ടുള്ളതു്.

ഇന്ത്യൻ വ്യവസായത്തെ നവീകരിക്കാൻ ഉതകുമാറു് പുതിയ സാങ്കേതികജ്ഞാനം, പുതിയ നിർമാണപ്രക്രിയകഠം, പുതിയ യന്ത്രസംവിധാനങ്ങഠം, പുതിയ മാനേജ്മെൻറ് സമ്പ്രദായങ്ങഠം മുതലായവ വിദേശീയ ക്കമ്പനികഠം ഇന്ത്യയിൽ അവതരിപ്പിച്ചു പ്രചരിപ്പിച്ചിട്ടുണ്ടോ? ഈ ചോദ്യത്തിനു് കിട്ടുന്ന ഉത്തരവും നമ്മുടെ പ്രതീക്ഷകളെ നിറവേററുന്നില്ല. വിദേശക്കമ്പനികഠം അവയുടെ പഴയ യന്ത്രസാമഗ്രികളാണു് ഇവിടെ ഇറക്കിയിട്ടുള്ളതെന്നും, വിദേശത്തു് അവർ നടപ്പിലാക്കിയിട്ടുള്ള പുതിയ സാങ്കേതികരീതികളല്ല, അവിടെ എന്നോ ഉപേക്ഷിച്ച പഴയ സാങ്കേതിക രീതികളാണു്, ദരിദ്രരാജ്യങ്ങഠംക്കു പററിയ 'ഇൻറർമീഡിയററ് ടെക്നോളജി' എന്ന പേരിൽ ഇവിടെ നടപ്പിലാക്കിയിട്ടുള്ളതെന്നും ആക്ഷേപമുണ്ടു്. ഉല്പാദനപ്രക്രിയ പരമരഹസ്യമാക്കിവെക്കുന്നതിനാൽ ഇതേ സാങ്കേതികജ്ഞാനം പോലും നാട്ടുകാർക്കു പകർന്നുകിട്ടുന്നതുമില്ല. അതേതായാലും, വിദേശീയക്കമ്പനികളിൽനിന്നു് ജപ്പാൻകാർ പഠിച്ച മാതിരി ഇന്ത്യക്കാർ പഠിച്ചിട്ടില്ലെന്ന വസ്തുത അവശേഷിക്കുന്നു. ഇതിൻെറ കാരണം എന്തു് എന്നു് ആരായേണ്ടതുണ്ടു്.

ലോകവ്യവസായരംഗത്തു് ത്വരിതഗതിയിൽ വികസനം സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ വികസനത്തോടൊപ്പമെത്തണമെങ്കിൽ, ഓരോ വ്യാവസായിക ഘടകത്തിനും അതിൻേറതായ ഗവേഷണ-വികസനവിഭാഗം (ആർ.ആൻഡ് ഡി.) ഉണ്ടായിരിക്കണം. ഇന്ത്യയിലെ വിദേശക്കമ്പനികഠം ഗവേഷണത്തിനും വികസനത്തിനും എന്തു പ്രാധാന്യമാണു് കല്പിച്ചിരിക്കുന്നതു്? ഇതേ കമ്പനികഠം വിദേശരാജ്യങ്ങളിൽ ഗവേഷണവികസനങ്ങഠംക്കുവേണ്ടി ചെലവഴിക്കുന്ന പണവുമായി താരതമ്യപ്പെടുത്തുമ്പോഠം, ഇന്ത്യയിൽ ഗവേഷണവികസനങ്ങഠംക്കുവേണ്ടി തുലോം തുച്ഛമായ തുകയേ അവർ ചെലവിടുന്നുള്ളു. ഇതിൽനിന്നു് അനുമാനിക്കേണ്ടതു്, ഇന്ത്യയിലെ പരിതഃസ്ഥിതികഠംക്കിണങ്ങിയ സാങ്കേതികരീതി വികസിപ്പിച്ചെടുക്കുന്നതിൽ അവർക്കു താല്പര്യമില്ലെന്നും, അതിനു് ആരും അവരെ നിർബന്ധിക്കുന്നില്ലെന്നുമാണു്. ചുരുക്കത്തിൽ, ഇന്ത്യയിൽ ഇന്ത്യയുടേതായ ഒരു വ്യവസായവിപ്ലവം ഉളവാകുന്നതിനു് വിദേശക്കമ്പനികഠം വളരെയൊന്നും പ്രേരണ നൽകുന്നില്ല.

മൂന്നാമതായി, ഇന്ത്യയിൽനിന്നുള്ള കയററുമതി വർധിപ്പിക്കുന്നതു വഴി വ്യാപാരശിഷ്ടം നമുക്കു് അനുകൂലമാക്കുന്നതിൽ ഇന്ത്യയിലെ ബഹുരാഷ്ട്രക്കമ്പനികളുടെ സംഭാവന എന്താണു്? 'വളരെ വളരെ തുച്ഛം' എന്നാണു പൊതുവേയുള്ള ധാരണ. ഈ ധാരണ തികച്ചും ശരിയല്ലെന്നും, ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങഠം നടക്കേണ്ടതാണെന്നും, ഒക്ടോബർ 8-ലെ 'ഹിന്ദു'വിൽ എഴുതിയ ഒരു ലേഖനത്തിൽ ശ്രീ ജി. ബാലചന്ദ്രൻ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ, ഇന്ത്യൻ കയററുമതിയിൽ ഇന്ത്യൻവിദേശക്കമ്പനികളുടെ പങ്കെന്തെന്നു് അദ്ദേഹവും പറയുന്നില്ല. ഇന്ത്യയിൽനിന്നുള്ള ആകെ കയററുമതിയിൽ രണ്ടു ശതമാനത്തോളമേ ബഹുരാഷ്ട്രക്കമ്പനികളുടെ ഉല്പന്നങ്ങഠം ഉഠംപ്പെടുന്നുള്ളൂ എന്നതാണു് മുമ്പു നടന്ന ഒരു പഠന

ത്തിൽ വെളിപ്പെട്ട വസ്തുത. ഇന്ത്യയിലെ ജർമൻ കമ്പനികൾ കയററുമതിയിൽ താരതമ്യേന മുന്നിട്ടുനില്ക്കുമ്പോൾ, ഇവിടത്തെ ജാപ്പനീസ് കമ്പനികൾ ശരാശരിയേക്കാൾ മോശമായ പ്രകടനമാണത്രേ ഈ രംഗത്തു കാഴ്ച വെക്കുന്നതു്. വിശദമായ പഠനത്തിൽനിന്നു് ഈ വിഷയത്തിൽ നമുക്കു കൂടുതൽ വെളിച്ചം കിട്ടിയേക്കാം. എന്നാലും, വ്യാപാരശിഷ്ടം ഇന്ത്യക്കു് അനുകൂലമാക്കുന്നതിൽ ഇവിടത്തെ വിദേശക്കമ്പനികൾ വലിയ സേവനമൊന്നും അനുഷ്ഠിക്കുന്നില്ലെന്ന വസ്തുത അവശേഷിക്കുകതന്നെ ചെയ്യുന്നു; ഇപ്പോഴും നമ്മുടെ കയററുമതിയിൽ വലിയ ഒരു പങ്കു് അസംസ്കൃതദ്രവ്യങ്ങൾക്കാണല്ലോ.

കയററുമതിയെന്നപേരിൽ കളവായി ലാഭം മറുനാടുകളിലേക്കു കടത്തുന്നതിൽ ചില വിദേശക്കമ്പനികളെങ്കിലും തല്പരരാണു്. തങ്ങൾ ഇന്ത്യയിൽ നിർമിക്കുന്ന സാധനങ്ങൾ നിർമാണച്ചെലവിനേക്കാൾ ചുരുങ്ങിയ വിലയ്ക്കു് ഇവർ വിദേശത്തുള്ള സ്വന്തം സ്ഥാപനങ്ങൾക്കു വില്ക്കുന്നു. അവർ ഈ സാധനങ്ങൾ അവിടത്തെ അങ്ങാടിവിലയ്ക്കു വിററു വലിയ ലാഭമുണ്ടാക്കുമ്പോൾ, ഇന്ത്യയിൽ ഈ സാധനങ്ങൾ നിർമിച്ച കമ്പനികൾ നഷ്ടം കാണിക്കുകയും അങ്ങനെ നികുതിയിൽനിന്നും പണം വിദേശത്തേക്കു് അയയ്ക്കുന്നതിന്മേലുള്ള നിയന്ത്രണങ്ങളിൽനിന്നും, രക്ഷനേടുകയും ചെയ്യുന്നു.

അവസാനമായി, വിദേശക്കമ്പനികൾ നമ്മുടെ സ്വാതന്ത്ര്യത്തിനു് എത്രമാത്രം ഭീഷണിയാണു്? വിദേശ (മാതൃ) രാജ്യങ്ങൾക്കു് ഇവയുടെമേൽ നേരിട്ട നിയന്ത്രണം ചുമത്താൻ കഴിയുമെന്നതു് ഒരു വസ്തുതയാണു്. ഈയിടെ റഷ്യയുടെ സൈബീരിയൻ പൈപ്പ്‌ലൈൻ നിർമിക്കുന്നതിനു് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിൽനിന്നു് യൂറോപ്യൻ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനികളെ പ്രസിഡണ്ട് റെയ്ഗൻ വിലക്കുകയുണ്ടായല്ലോ. സ്വന്തം ബഹുരാഷ്ട്രക്കമ്പനികളെ ഉപയോഗപ്പെടുത്തി ഇന്ത്യയെപ്പോലുള്ള ഒരു ദരിദ്ര-ദുർബല-രാജ്യത്തിനുമേൽ സമ്മർദം ചെലുത്താൻ വിദേശങ്ങളിലെ ഭരണാധിപന്മാർക്കു വലിയ പ്രയാസമൊന്നും ഉണ്ടാവേണ്ടതില്ല. ദരിദ്രരാജ്യങ്ങളിലെ ദരിദ്രവാസികളും ധനമോഹികളുമായ രാഷ്ട്രീയനേതാക്കളെ പണവും ബന്ധുക്കൾക്കു് ഉദ്യോഗവും മററു സൗകര്യങ്ങളും കൊടുത്തു വശത്താക്കാനും ബഹുരാഷ്ട്രക്കമ്പനികൾക്കു് എളുപ്പത്തിൽ കഴിയും. മദ്ധ്യ-ദക്ഷിണ-അമേരിക്കകളിലെ അവികസിത രാജ്യങ്ങളിലെന്നപോലെ, ഇന്ത്യയിലെയും തിരഞ്ഞെടുപ്പുകളിലും ഭരണകൂടങ്ങളിലും പട്ടാളത്തിലും മററും സ്വന്തം ഇച്ഛ പ്രതിഫലിപ്പിക്കാനും, ബഹുരാഷ്ട്രക്കമ്പനികൾവഴി വികസിത-മുതലാളിത്ത-വ്യാവസായിക രാജ്യങ്ങൾ ശ്രമിച്ചുകൂടായ്കയില്ല.

തീർച്ചയായും ബഹുരാഷ്ട്രക്കമ്പനികൾ കലർപ്പററ ഒരു നന്മയല്ല. തങ്ങൾ നിക്ഷേപിച്ച മൂലധനത്തോടു യാതൊരു അനുപാതവുമില്ലാത്ത നിലയിൽ ഇന്ത്യൻ ജീവിതത്തിൽ ഇവ ആഴത്തിൽ വേരോടിയിരിക്കുന്നു. നിക്ഷേപം കുറവും ലാഭം കൂടുതലുമുള്ള ഉപഭോഗവസ്തുക്കളുടെ നിർമാണം ഇവ പിടിച്ചടക്കുകയും, അല്പവിഭവരായ ഇന്ത്യക്കാർക്കു് ഈ രംഗത്തിലേക്കു കടന്നുവരുക അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. സൈബീരിയൻ പൈപ്പ്‌ലൈൻ വിവാദത്തിൽനിന്നു വ്യക്തമായതുപോലെ, ഇവയിലൂടെ സ്വന്തം സമ്മർദശക്തി ഇന്ത്യൻ ഭരണകൂടത്തിന്റെമേൽ ചെലുത്താൻ മാതൃ (വിദേശ) രാജ്യങ്ങൾക്കു കഴിയും; തരം കിട്ടുമ്പോൾ അവർ അതിനു ശ്രമിക്കുകയും ചെയ്യും.

ഈവക കാര്യങ്ങളെപ്പററി കൂടുതൽ വ്യാപകവും വ്യക്തവുമായ ബോധം നമുക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു.

12 ഒക്ടോബർ, 1982